# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 882 — 08.03.12 ൽ -മറുപടിക്ക്

## അർഹരായ മുഴുവൻ പേർക്കും ബി. പി. എൽ. കാർഡുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ.ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അർഹരായ മുഴുവൻ പേർക്കും ബി. പി. എൽ. കാർഡുകൾ നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) തദ്ദേശ സ്വയം ഭരണ വകുപ്പ് സർവ്വേ നടത്തി തയ്യാറാക്കിയ പുതിയ ബി.പി.എൽ ലിസ്റ്റ് നിലവിലുണ്ട്. ഈ ലിസ്റ്റിലുള്ള വർക്ക് അപേക്ഷപ്രകാരം അന്വേഷിച്ച് അർഹരായവർക്ക് ബി.പി.എൽ കാർഡ് നൽകുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) റേഷൻകടകൾ വഴി അവശ്യ പലവ്യഞ്ജനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എത്ര കടകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിൽ കൂടിയും സബ്സിഡി നിരക്കിൽ പലവ്യഞ്ജന സാധനങ്ങൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾ വഴി അവശ്യ പലവ്യഞ്ജനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. 1807 റേഷൻ കടകൾ ഇതിനായി തെരഞ്ഞെടുത്തിരുന്നു. ഇതിൽ ഇപ്പോൾ 450 റേഷൻ കടകൾ വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട് . സംസ്ഥാനത്ത് റേഷൻ കടകൾ വഴി പയർവർഗ്ഗങ്ങളും, പലവ്യഞ്ജനങ്ങളും ഉൾപ്പെടെ 13 ഇനം സാധനങ്ങൾ പൊതുവിപണിയേക്കാൾ 10% വില കുറച്ച് വിൽക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ